മധുരമായ കുട്ടികളെ- കാലന്റേയും കാലന് വന്നിരിക്കുകയാണ് നിങ്ങളെല്ലാവരേയും തിരികെ കൊണ്ട് പോകുന്നതിന്, അതിനാല് ഓര്മ്മയിലൂടെ വികര്മ്മങ്ങളുടെ ഭാരത്തെ ഇല്ലാതാക്കൂ, തന്റെ ദേഹത്തോടുള്ള മോഹം കളയൂ.

ചോദ്യം :- ഭക്തരുടെ ഏതൊരു വിളി ബാബ സ്വീകരിക്കുമ്പോഴാണ് ഭക്തര് സന്തോഷിക്കുന്നതിന് പകരം ദു:ഖിക്കുന്നത് ?

ഉത്തരം :- ഭക്തര് ദു:ഖം വരുമ്പോള് അല്ലയോ ഭഗവാനേ വന്ന് ഞങ്ങളെ ഈ ദു:ഖത്തിന്റെ ലോകത്ത് നിന്നും കൊണ്ട് പോകൂ, എനിക്ക് ഈ പതിത ലോകത്തിരിക്കേണ്ട ആവശ്യമില്ല എന്ന് പറഞ്ഞ് വിളിക്കുന്നു, എന്നാല് വിളി കേട്ട് ബാബ കൊണ്ട് പോകാന് വരുമ്പോള് കരയുന്നു. ഡോക്ടറോട് ആരോഗ്യവാനായിരിക്കാനുള്ള എന്തെങ്കിലും മരുന്ന് തരൂ എന്ന് പറയുന്നു.

ഗീതം :- ദൂരദേശത്ത് വസിക്കുന്നവനേ..........

ഓംശാന്തി. ദൂരദേശത്ത് ബാബയും വസിക്കുന്നു നിങ്ങള് കുട്ടികളും വസിക്കുന്നു. ഇപ്പോള് ഈ ബാബ ഇവിടെ എന്തിനാണ് വന്നിരിക്കുന്നത്? ഹേ ഭഗവാന് വന്ന് ഞങ്ങളേ തിരികെ കൊണ്ട് പോകൂ എന്ന് പറഞ്ഞ് ബാബയേ എന്തിന് ഓര്മ്മിക്കുന്നു ?ഞങ്ങളുടെ വീടായ മുക്തീധാമിലേക്ക് കൊണ്ട് പോകൂ എന്നാണ് ആത്മാവ് പറയുന്നത്. കാലന്റേയും കാലനെ വിളിക്കുകയാണ്. ഞങ്ങളെ ഈ പതിത ലോകത്തിലെ സംബന്ധങ്ങളില് നിന്ന് മോചിപ്പിച്ച് കൊണ്ട് പോകൂ, ഞങ്ങള്ക്ക് ഇവിടെ വസിക്കാനുള്ള ആശയേ ഇല്ല എന്ന് പറഞ്ഞ് ആരേയാണ് വിളിക്കുന്നത് എന്ന് ഭക്തിമാര്ഗത്തില് മനസിലാക്കുന്നില്ല, പിന്നീട് ഏതെങ്കിലും ആത്മാവ് ശരീരം വിടുകയാണെങ്കില് എത്ര ദു:ഖിക്കുന്നു, മാറത്തടിച്ച് കരയുന്നു. ഒരു വശത്ത് ബാബാ വന്ന് ഞങ്ങളെ ഇവിടെ നിന്ന് കൊണ്ട് പോകൂ, ഈ ശരീരത്തില് നിന്ന് മോചിപ്പിക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നു, എന്നാല് മുക്തമാക്കുമ്പോള് അലമുറയിട്ട് കരയുന്നു. ഭക്തിമാര്ഗത്തില് വിളിക്കുന്നു എന്നാല് മനസിലാക്കുന്നില്ല. സത്യവാന് സാവിത്രിയുടെ കഥയുണ്ട്. ഒരാളുടെ ആത്മാവിനെ കൊണ്ട് പോകുകയായിരുന്നു, എന്നാല് സാവിത്രി അനുവദിച്ചില്ല. മനുഷ്യര് ശരീരം ഉപേക്ഷിക്കുമ്പോള് ശരീരത്തോടുള്ള മോഹം കാരണം ആത്മാവ് ശരീരം ഉപേക്ഷിക്കാന് ആഗ്രഹിക്കുന്നില്ല. ഡോക്ടറോട് എനിക്ക് ആരോഗ്യത്തോടെ ഇരിക്കാനുള്ള മരുന്ന് നല്കൂ എന്ന് പറയുന്നു. എനിക്ക് ശരീരം ഉപേക്ഷിക്കാന് ആഗ്രഹമില്ല. കൂടെ തന്നെ ഭഗവാന് വരൂ, വന്ന് ഞങ്ങളെ കൂടെ കൊണ്ട് പോകൂ എന്നും പറയുന്നു. അത്ഭുതകരമായ കാര്യം തന്നേയല്ലേ. നിങ്ങളിപ്പോള്സന്തോഷത്തോടെ പോകുന്നു. മനുഷ്യര്ക്ക് ലോകത്ത് മിത്ര സംബന്ധികളോടെല്ലാം മോഹമുണ്ട്. ഇപ്പോള് ചോദിക്കുന്നു - നിങ്ങളെ മിത്ര സംബന്ധികളില് നിന്നെല്ലാം മോചിപ്പിക്കട്ടെ? കൊണ്ട് പോകാം എന്നാല് നിങ്ങള് ഈ സംബന്ധികളില് നിന്ന് ഓര്മ്മയേ വിട്ടുവിക്കൂ. അന്തിമ സമയത്ത് കുട്ടികളുടേയും മറ്റും സ്മൃതി വന്നാല് വീണ്ടും അങ്ങിനേയുള്ള ജന്മം എടുക്കേണ്ടി വരും. ബാബ പറയുന്നു ഞാന് നിങ്ങളെ ഈ ശരീരത്തില് നിന്ന് മുക്തമാക്കി കൊണ്ട് പോകാം പിന്നീട് നിങ്ങള്ക്ക് മിത്ര സംബന്ധികളുടെ ഓര്മ്മയുണ്ടാകില്ല. അന്തിമത്തില് ഒരു ബാബയേ മാത്രം ഓര്മ്മിക്കണം. പുനര്ജന്മത്തില് വീണ്ടും ഇവിടെ വരരുത്, അതിനാല് ദേഹസഹിതം എല്ലാവരേയും മറക്കൂ. എന്നെ, ഒരേയൊരു ബാബയേ മാത്രം ഓര്മ്മിക്കൂ. നിങ്ങള് പവിത്രമാകാത്തവരെ കൊണ്ട് പോകാനും സാധിക്കില്ല. ഇപ്പോള് ഞാന് നിങ്ങള് ആത്മാക്കളെ കൊണ്ട് പോകാന് വന്നിരിക്കുന്നു എന്നാല് നിങ്ങളില് വികര്മ്മങ്ങളുടെ ഭാരം വളരെ ഉണ്ട്. ആത്മാക്കളോടാണ് സംസാരിച്ച് കൊണ്ടിരിക്കുന്നത്. ബാബ പരംധാമി നിന്ന് വന്നിരിക്കുന്നു, വിദേശത്ത്. ഇപ്പോള് സ്ഥാപിച്ച് കൊണ്ടിരിക്കുന്ന സ്വര്ഗത്തില് ബാബയ്ക്ക് വരേണ്ടതില്ല. ഇവിടെ നിങ്ങള് വിഷമിച്ച് വിളിക്കുമ്പോള് എല്ലാ ആത്മാക്കളേയും തിരികെ കൊണ്ട് പോകുന്നതിന് ഞാന് ഒരേ ഒരു തവണ വരുന്നു. സന്തോഷത്തോടെ പോകാം, വിഷമത്തോടേയും പോകാം. തീര്ച്ചയായും പോകുക തന്നെ വേണം. പരിധിയില്ലാത്ത അച്ഛനായ കാലന്റേയും കാലന് ആത്മാക്കളേ തിരികെ കൊണ്ട് പോകുന്നു. എല്ലാ മനുഷ്യരുടേയും വിനാശത്തിന് വേണ്ടിയാണ് വരുന്നത്. പതി- പത്നിമാരാകുമ്പോള് പതി മരിക്കുമ്പോള് എത്ര കരയുന്നു. എന്നേയും കൊണ്ട് പോകൂ, എനിക്കിനി ഒന്നും തന്നെ വേണ്ട എന്ന് പറയുന്നു. എന്നാല് നിങ്ങള് പതിതരെ കൊണ്ട് പോകാന് സാധിക്കില്ല അതിനാല് പവിത്രമാക്കുന്നതിന് വേണ്ടി വന്നിരിക്കുന്നു. സ്വയം എപ്പോള് അശരീരീ എന്ന് മനസിലാക്കുന്നുവോ അപ്പോള്

മാത്രമേ പവിത്രമാകൂ. ദേഹസഹിതം ദേഹത്തിന്റെ സര്വ്വസംബന്ധങ്ങളേയും മറക്കുമ്പോള് മാത്രമേ പവിത്രമാകൂ. എന്നെ, ഒരേയൊരു ബാബയേ മാത്രം ഓര്മ്മിക്കുകയാണെങ്കിലേ നിങ്ങളുടെ വികര്മ്മം വിനാശമാകൂ. കല്പ്പ കല്പ്പം വളരെ നന്നായി യുക്തി പറഞ്ഞ് തരുന്നു. ഈ ശരീരമെല്ലാം ചാരമായി പോകും എന്ന് നിങ്ങള്ക്കറിയാം. ഹോളി കത്തിക്കുമ്പോള് അതില് ചരട് കത്തുന്നില്ല , അതുപോലെ ആത്മാവും കത്തുന്നില്ല. ഈ വൈക്കോല് കൂനക്ക് മുഴുവനും തീ പിടിക്കണം. എല്ലാ ശരീരവും കത്തി ചാരമാകും, ആത്മാവ് ശുദ്ധമാകുകയും ചെയ്യും.

ആത്മാവിനെ ശുദ്ധമാക്കുന്നതിന് വേണ്ടി നിരന്തരം ദേഹീ അഭിമാനിയാകുന്നതിനുള്ള പുരുഷാര്ത്ഥം ചെയ്യണം. ദേഹമുണ്ടായിട്ടും സ്വയം ആത്മാവെന്ന് മനസിലാക്കി ബാബയോടൊപ്പം യോഗം ചെയ്യണം. സന്യാസിമാര് ബ്രഹ്മം അഥവാ തത്വത്തോട് യോഗം വെച്ച് ഞങ്ങള് തത്വത്തില് ലയിച്ച് പോയി എന്ന് പറയുന്നത് പോലെ. തത്വവുമായി ബുദ്ധിയോഗം വെക്കുന്നു. ശരീരം ഉപേക്ഷിക്കുന്നില്ല. തത്വവുമായി അഥവാ ബ്രഹ്മവുമായി യോഗം ചെയ്ത് ചെയ്ത് ബ്രഹ്മത്തില് ലയിച്ച് പോകും എന്ന് മനസിലാക്കുന്നു, നമ്മളവരെ ബ്രഹ്മജ്ഞാനി, തത്വജ്ഞാനി എന്ന് പറയുന്നു. തത്വത്തിന്റെ ജ്ഞാനമാണ്. നിങ്ങള്ക്ക് ഞങ്ങളാത്മാക്കള് തത്വത്തില് വസിക്കുന്നു എന്ന ജ്ഞാനമാണ്. അവര് ഞങ്ങള് ആ തത്വത്തില് ലയിച്ചു പോകും എന്ന് മനസിലാക്കുന്നു. ഞങ്ങളവിടെ പോയി വസിക്കും എന്ന് പറഞ്ഞാലും ശരിയാണ്. ആത്മാവ് ലയിക്കുന്നേ ഇല്ല. കുമിളകളുടെ ഉദാഹരണം കാണിക്കുന്നു. എന്നാല് അതും തെറ്റാണ്. ജ്യോതിയില് ലയിക്കുന്ന കാര്യമേ ഇല്ല. അവിനാശീ ആത്മാവില് മുഴുവന് കല്പ്പത്തിലേയും പാര്ട്ടടങ്ങിയിരിക്കുന്ന അത് ഒരിക്കലും നശിക്കുകയില്ല. സന്യാസിമാര് വികാരങ്ങളെ സന്യസിക്കുന്നു, ബാക്കി ആരും തിരികെ പോകുന്നില്ല, ഇവിടെ തന്നെ പുനര്ജന്മമെടുത്ത് കൊണ്ടിരിക്കുന്നു. വൃദ്ധി ഉണ്ടായി കൊണ്ടിരിക്കുന്നു. എല്ലാവര്ക്കും സതോ, രജോ, തമോവിലൂടെ കടന്ന് പോകുക തന്നെ വേണം. ഇവയെല്ലാം ഡ്രാമയില് അടങ്ങിയതാണ്. ഇപ്പോള് നോക്കൂ അനേക പ്രകാരത്തിലുള്ള അസുഖങ്ങള് എത്ര കൂടുതലാണ്, മുമ്പ് ഇത്രയും ഉണ്ടായിരുന്നില്ല. ഇവയെല്ലാം ഡ്രാമയില് അടങ്ങിയതാണ്. ബാബ എല്ലാ ആത്മാക്കളേയും കൊണ്ട് പോകുന്നതിന് വന്നിരിക്കുന്നു എന്ന് നിങ്ങള് കുട്ടികള്ക്കറിയാം. ബാബാ,ഞങ്ങളെ തിരികെ കൊണ്ട് പോകൂ എന്ന് പറയുന്നു. മുക്തി- ജീവന്മുക്തി എല്ലാവര്ക്കും ലഭിക്കണം. എന്നാല് എല്ലാവരും സത്യയുഗത്തില് പോകില്ല. ആരെല്ലാം ഏതേതെല്ലാം സമയത്ത് വരുന്നുവോ അവരെല്ലാം അതാത് സമയത്ത് ആ ധര്മ്മത്തില് തന്നെ വീണ്ടും വരും. ഇന്ന ഇന്ന ധര്മ്മങ്ങള് ഇന്ന ഇന്ന സമയത്ത് വരുന്നു എന്ന് നിങ്ങള്ക്കറിയാം. ബാബയും ഈ ആത്മാക്കളേയെല്ലാം തിരികെ കൊണ്ട് പോകുന്നതിന് വേണ്ടി കല്പ്പം മുമ്പെന്ന പോലെ വരുന്നു. ഈ ഭൂമിക്ക് എത്ര വളം ലഭിക്കുന്നു. പുതിയ ലോകത്തിനും വളം വേണ്ടെ. എല്ലാ മനുഷ്യരും, മൃഗങ്ങളും നശിച്ച് വളമായി തീരുന്നു, പിന്നെ സത്യയുഗത്തില് എത്ര നല്ല ഫലം നല്കുന്നു, അതിനേ കുറിച്ച് നിങ്ങള് കുട്ടികള്ക്ക് സാക്ഷാത്ക്കാരവും ഉണ്ടാകുന്നു.

ബാബ കാലന്റേയും കാലനാണ് എന്ന് നിങ്ങള് കുട്ടികള്ക്കറിയാം. ബാബാ, ഞങ്ങള് സന്തോഷത്തോടെ അങ്ങയോടൊപ്പം വരും, ഞങ്ങളെ കൊണ്ട് പോകൂ എന്ന് എല്ലാവരും പറയുന്നു. ഞങ്ങള്ക്കിവിടെ വളരെ ദു:ഖമാണ്. ഇത് ദു:ഖം നല്കുന്ന ലോകമാണ്. ദു:ഖധാമില് പരസ്പരം ദു:ഖം നല്കി കൊണ്ടിരിക്കും. അപാര ദു:ഖമാണ്, ഇപ്പോള് നിങ്ങളെ സുഖത്തിലേക്ക് കൊണ്ടു പോകുന്നതിന് വന്നിരിക്കുന്നു. ഇപ്പോള് ഒരേയൊരു ബാബയെ ഓര്മ്മിക്കുകയാണെങ്കില് സമ്പത്ത് നേടാന് സാധിക്കും. ഇല്ലാ എങ്കില് രാജ്യാധികാരത്തിന്റെ സമ്പത്ത് പൂര്ണമായും നേടാന് സാധിക്കില്ല, പിന്നീട് പ്രജയില് പോകും. ബാബ വന്ന് രാജ്യാധികാരത്തിന്റെ സുഖം നല്കുന്നു, മറ്റ് ധര്മ്മസ്ഥാപകരൊന്നും തന്നെ രാജധാനി സ്ഥാപിക്കുന്നില്ല.ഇവിടെ ഗുപ്ത വേഷത്തില് രാജധാനി സ്ഥാപിച്ച് കൊണ്ടിരിക്കുന്നു. സത്യയുഗത്തില് ലക്ഷ്മീ-നാരായണന്റെ രാജധാനി എങ്ങിനെ സ്ഥാപിതമായി എന്ന് ആര്ക്കും അറിയില്ല. ശരീരധാരീ ദേവതമാര് എവിടെ നിന്ന് വന്നു ?കലിയുഗത്തില് അസുരന്മാരായിരുന്നു. അസുരന്മാരും ദേവതമാരും തമ്മില് യുദ്ധമൊന്നും നടക്കുന്നില്ല. യുദ്ധത്തിന്റെ കാര്യവും ഇല്ല, വികാരത്തിന്റെ കഠാരിയും പ്രയോഗിക്കുന്നില്ല. പിന്നെ എന്തിന് യുദ്ധം നടന്നതായി കാണിക്കുന്നു ?ആശയക്കുഴപ്പമായിപ്പോയി. സൃഷ്ടി അത് തന്നേയാണ്, സമയം മാത്രം മാറുന്നു. ഇത് പരിധിയില്ലാത്ത പകലും, രാത്രിയും ആണ്. സത്യ ത്രേതായുഗത്തെ പകല് എന്ന് പറയുന്നു, അവിടെ യുദ്ധം ഉണ്ടാകുന്നില്ല. എന്നാല് ആ രാജധാനി അവര്ക്കെങ്ങിനെ ലഭിച്ചു ?കലിയുഗത്തില് രാജധാനിയേ ഇല്ല. ബാബാ, അത്ഭുതം തന്നെ അങ്ങയുടെ സ്ഥാപനയുടെ കര്ത്തവ്യം എന്ന് പറയുന്നു.ഇത്രയും കുട്ടികളെ സുഖികളാക്കുന്നു. അവരവരുടെ പുരുഷാര്ത്ഥമനുസരിച്ച് ഉയര്ന്ന പദവി നേടാന് സാധിക്കുന്നു. 5000 വര്ഷത്തിന് ശേഷം പരമപിതാ പരമാത്മാവ് വരുന്നു എന്ന് നിങ്ങള്ക്കറിയാം. ചിലര് പ്രഭു,

ചിലര് ഈശ്വരന് എന്ന് പറയുന്നു, പിതാവല്ലേ. പിതാവ് എന്ന് പറയുന്നത് എത്ര നല്ലതാണ്. ഈശ്വരന് നമ്മുടെ അച്ഛനാണ്. പ്രഭു എന്ന് പറയുമ്പോള് അത്രയും സന്തോഷം ഉണ്ടാകില്ല. ഈശ്വരന് എന്ന് പറയുമ്പോള് സര്വ്വവ്യാപി എന്ന് മനസിലാക്കുന്നു. അച്ഛന് എന്ന് പറയുമ്പോള് സര്വ്വവ്യാപി എന്ന് പറയാന് സാധിക്കില്ല. ഇപ്പോള് നിങ്ങള് ആത്മാക്കള് കേട്ട് കൊണ്ടിരിക്കുന്നു.ഞങ്ങളെ യോഗത്തിലൂടെ പവിത്രമാക്കുന്നതിന് ഞങ്ങളുടെ ബാബ വന്നിരിക്കുന്നു എന്ന് നിങ്ങള് മനസിലാക്കുന്നു. എങ്കില് അച്ഛന്, ടീച്ചര്, സദ്ഗുരുവിനെ ഓര്മ്മിക്കണം. ഇവിടെ കുട്ടികള്ക്ക് സന്മുഖത്തിരിക്കാന് ആവേശം വരുന്നു. ഞങ്ങള് ആത്മാവാണ്, ഈ ശരീരത്തിലൂടെ പാര്ട്ടഭിനയിക്കുന്നു. ബാബ ഞങ്ങളെ കൊണ്ട് പോകാന് വന്നിരിക്കുന്നു. ഞങ്ങള് ബാബയുമായി യോഗം വെച്ച് പുരുഷാര്ത്ഥം ചെയ്യും. ബാബയെ ഓര്മ്മിച്ചോര്മ്മിച്ച് ബാബയുടെ അടുക്കല് പോകും. വളരെ ഉത്തമരായ സന്യാസിമാര് പോലും ഇരുന്നിരുന്ന് ശരീരം ഉപേക്ഷിക്കുന്നു. ഞങ്ങള് ആത്മാക്കള് പോയി ബ്രഹ്മത്തില് ലയിക്കും എന്ന് മനസിലാക്കുന്നു. എല്ലാവരും മോക്ഷത്തിന് അഥവാ മുക്തിയ്ക്ക് വേണ്ടി പുരുഷാര്ത്ഥം ചെയ്യുന്ന കാരണം ലോകത്ത് വളരെ ദു:ഖമാണ്, അതിനാല് മോക്ഷം അഥവാ മുക്തി ആഗ്രഹിക്കുന്നു. ലോക ചക്രം കറങ്ങണം എന്ന് അവര്ക്കറിയില്ല. നമ്മുടെ പാര്ട്ട് തീര്ച്ചയായും അവിനാശിയാകണം.

നിങ്ങളുടെ ബുദ്ധി ജിന്നിനേ പോലെയാകണം. ജിന്നിന്റെ കഥ പറയാറില്ലേ - എനിക്ക് ജോലി തന്നില്ലെങ്കി വിഴുങ്ങിക്കളയും- അപ്പോള് അതിന് പടികള് കയറുകയും, ഇറങ്ങുകയും ചെയ്യുന്ന ജോലി കൊടുത്തു. ബാബ പറയുന്നു, നിങ്ങളും എന്നോട് ബുദ്ധിയോഗം വെച്ചില്ലെങ്കില് മായയാകുന്ന ജിന്ന് നിങ്ങളെ വിഴുങ്ങും. മായ ജിന്നാണ്, യോഗം ചെയ്യാന് സമ്മതിക്കില്ല. നല്ല നല്ല ശക്തിശാലീ ഗ്രസ്ഥിക്കാരേ പോലും മായ പച്ചക്ക് വിഴുങ്ങും. ബാബ പഠിപ്പിക്കാന് വന്നിരിക്കുകയാണ് എന്ന് നിങ്ങള്ക്കറിയാം. പറയുന്നു - കുട്ടികളേ, ഇപ്പോള് സന്മുഖത്ത് വന്നിരിക്കുന്നു, ഇപ്പോള് എന്നെ ഓര്മ്മിക്കൂ, ഇല്ലെങ്കില് മായാജിന്ന് തിന്നും. ഈ ജോലി നിങ്ങളുടെ തന്നെ മംഗളത്തിന് വേണ്ടിയാണ് തന്നിരിക്കുന്നത്. നിങ്ങള് വിശ്വത്തിന്റെ അധികാരിയാകും. സ്വയം ആത്മാവെന്ന് മനസിലാക്കി ശരീര ഭാരത്തെ ഉപേക്ഷിക്കണം. സന്യാസിമാര് എന്നാല് ദേഹസഹിതം എല്ലാം സന്യസിക്കുക. സ്വയത്തെ ആത്മാവെന്ന് മനസിലാക്കണം. ജ്ഞാന യോഗബലത്തിലൂടെ ബാബ ഞങ്ങളെ ദേവീ ദേവതമാരാക്കുന്നു എന്ന് നിങ്ങള്ക്കറിയാം. രാജ്യം സ്ഥാപിതമായി കൊണ്ടിരിക്കുന്നു. ഇത് രാജയോഗമാണ്. ഈ കാര്യങ്ങള് ശാസ്ത്രങ്ങളില് ഇല്ല. പാണ്ഡവര് അത്രയും രാജയോഗം പഠിച്ചു എന്നിട്ടെന്തുണ്ടായി ? പര്വ്വതത്തിന് മുകളില് പോയി മരിച്ചു. രാജ്യം എങ്ങിനെ സ്ഥാപിതമാകുന്നു എന്ന് പിന്നെ എങ്ങിനെ മനസിലാകും ? ഇപ്പോള് ഈ കാര്യങ്ങള് നിങ്ങള് മനസിലാക്കുന്നു. ബാബ പറയുന്നു ഇപ്പോള് എന്നെ ഓര്മ്മിക്കൂ, ട്രസ്റ്റിയായി ശ്രീമത്തനുസരിച്ച് നടക്കൂ. ഓരോ കാര്യത്തിലും അഭിപ്രായം ചോദിച്ച് കൊണ്ടിരിക്കൂ. കുട്ടികളുടേയും മറ്റും വിവാഹം നടത്തണം, അല്പ്പം പോലും വിലക്കുന്നില്ല. ഓരോരുത്തരുടെ കണക്കും വേറെ വേറെയാണ്. ഓരോ കുട്ടിയും എങ്ങിനെയാണോ അതനുസരിച്ച് അവര്ക്ക് വഴി പറഞ്ഞ് കൊടുക്കുന്നു. കുട്ടികളെ വിവാഹം കഴിപ്പിക്കണം എന്ന് പറയാറുണ്ട്, ശരി കഴിപ്പിക്കൂ. നിങ്ങളുടെ പക്കല് പണമുണ്ടെങ്കില് വീടുണ്ടാക്കി കൊള്ളൂ. എതിര്ക്കുന്നില്ല. കെട്ടിടങ്ങള് ഉണ്ടാക്കിയും കുട്ടികളുടെ വിവാഹം നടത്തിയും കണക്കുകള് തീര്ക്കൂ.

ആര് നല്ല പദവി നേടും എന്ന് ഇപ്പോള് മനസിലാക്കാം. എത്ര ബുദ്ധിമുട്ടാണ്. എത്ര പ്രയാസമാണ്. ഇതില് വളരെ ദീര്ഘവീക്ഷണ ബുദ്ധി ആവശ്യമാണ്. രാജ്യം നേടണം - അല്പ്പം പോലും നിസാരകാര്യമല്ല. കര്മ്മം പൂര്ത്തിയാകുമ്പോള് കുട്ടികളുമായും മറ്റുമുള്ള കണക്കുകള് പൂര്ത്തിയാക്കി മോചനം നേടൂ. ആരെങ്കിലുമായി കണക്കുണ്ടെങ്കില്, കടമുണ്ടെങ്കില് ആദ്യം അത് അവസാനിപ്പിക്കൂ. ഇതും മനസിലാക്കേണ്ട കാര്യമാണ്. കന്യകമാര്ക്ക് യാതൊരു ഭാരവും ഉണ്ടാകുന്നില്ല. രചയിതാവിന് എല്ലാ കര്മ്മങ്ങളും അവസാനിപ്പിക്കണം. പിന്നീട് ബാബ അവകാശിയാക്കും. മായയും നന്നായി വേദനിപ്പിക്കും. എന്നാല് ബാബ വളരെ മാധുര്യമുള്ളവനാണ് എന്നും നിങ്ങള്ക്കറിയാം. എല്ലാവരേയും പവിത്രമാക്കി തിരികെ കൊണ്ട് പോകാന് വന്നിരിക്കുന്നു. ഇങ്ങിനെയുള്ള ബാബയോട് വളരെ സ്നേഹം വേണം. മധുരമുള്ളതല്ലേ. സത്യയുഗത്തില് അപാര സുഖമാണ് അതിനാല് സ്വര്ഗത്തെ എല്ലാവരും ഓര്മ്മിക്കുന്നു. ആരെങ്കിലും മരിക്കുകയാണെങ്കില് സ്വര്ഗത്തില് പോയി എന്ന് പറയും. എത്ര മധുരമായ പേരാണ്. എന്താണോ കഴിഞ്ഞ് പോകുന്നത് അത് വീണ്ടും ഭക്തിമാര്ഗത്തില് പ്രസിദ്ധമാകും. സത്യ ത്രേതായുഗത്തില് ഈ കാര്യം ഉണ്ടാകുന്നില്ല. അതിനാലാണ് ബാബ ജിന്നിന്റെ ജോലി കാണിക്കുന്നത് - സ്വയം ആത്മാവെന്ന് മനസിലാക്കി എന്നെ ഓര്മ്മിക്കൂ, ഇല്ലെങ്കില് മായയാകുന്ന ജിന്ന് നിങ്ങളെ വിഴുങ്ങും. ഓര്മ്മിക്കേണ്ടതുണ്ട്. ആത്മാവെന്ന് നിശ്ചയിച്ച് ബാബയെ ഓര്മ്മിക്കണം. ശരീര നിര്വ്വഹണാര്ത്ഥം ജോലികള്

ചെയ്യണം. 8 മണിക്കൂര് ശരീര നിര്വ്വഹണാര്ത്ഥം വേണം. കാരണം നിങ്ങള് കര്മ്മയോഗികളാണ്. പിന്നീട് നിങ്ങള് പുരുഷാര്ത്ഥം ചെയ്യൂ. 8 മണിക്കൂര് സ്വന്തം പുരുഷാര്ത്ഥത്തിന് വേണ്ടിയും ഉപയോഗിക്കൂ. സ്വയത്തെ കുറിച്ച് ഇങ്ങിനെ മനസിലാക്കൂ - ഞങ്ങള് ബാബയുടേതായി. ഈ ശരീരം പഴയതാണ് ഇതിനോടുള്ള മമത്വം ഉപേക്ഷിക്കണം. ഉപേക്ഷിച്ചുപേക്ഷിച്ച്, ഓര്മ്മിച്ചോര്മ്മിച്ച് ആരോടെങ്കിലും മമത്വം വീണ്ടും നില്ക്കുന്നുണ്ട് എങ്കില് രാജ്യഭാഗ്യം നേടാന് സാധിക്കില്ല. വിശ്വത്തിന്റെ അധികാരിയാകുന്നതിന് പരിശ്രമം വേണം.

ബാബ വന്നിരിക്കുകയാണ് ദു:ഖധാമില് നിന്ന് മോചിപ്പിച്ച് കൊണ്ട് പോകുന്നതിന് വേണ്ടി, അതിനാല് ബാബയെ മുക്തിദാതാവ്, മാര്ഗദര്ശി, പതിത-പാവനന് എന്നെല്ലാം പറയുന്നു. പുരോഹിതനുമാണ്. രാവണരാജ്യത്തിന്റെ വിനാശത്തിനും രാമരാജ്യത്തിന്റെ സ്ഥാപനക്കും വേണ്ടി ബാബയ്ക്ക് വരേണ്ടി വരുന്നു എന്ന് മനസിലാക്കി തരുന്നു. ആ ബാബ തന്നേയാണ് ശാന്തിയുടെ സ്ഥാപന ചെയ്യുന്നത്, ആ ബാബയുടെ സഹായി ആയി തീരുന്നവര്ക്ക് ശാന്തിയുടെ ഉപഹാരം ലഭിക്കുന്നു. ശാന്തി സ്ഥാപിക്കുന്നവന് തന്നേയാണ് ശാന്തി നിറഞ്ഞ രാജ്യം നല്കുന്നത്. ആ അതിസ്നേഹിയായ ബാബ തന്നേയാണ് കല്പ്പ കല്പ്പം നമുക്ക് സമ്പത്ത് നല്കുന്നത്. എത്രത്തോളം ശ്രീമതമനുസരിച്ച് നടക്കുന്നുവോ അത്രയും ശ്രേഷ്ഠരായി തീരും. ശ്രീ ശ്രീയിലൂടെ ഞങ്ങള് ശ്രീലക്ഷ്മീ ശ്രീനാരായണനായി തീരുന്നു എന്ന് നിങ്ങള്ക്കറിയാം. 21 ജന്മത്തേക്ക് വേണ്ടി സൂര്യവംശീ ചന്ദ്രവംശീ രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. ശരി .

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ദീര്ഘ ദര്ശിയായി കര്മ്മ ബന്ധനങ്ങളെ സമാപ്തമാക്കണം. ഏതെങ്കിലും കണക്കുകളോ കടങ്ങളോ ഉണ്ടെങ്കില് അവയെല്ലാം വീട്ടി ഭാരരഹിതരായി അവകാശികളായി തീരണം.

2. കര്മ്മയോഗിയായി കര്മ്മം ചെയ്യുകയും കൂടെ തന്നെ 8 മണിക്കൂര് സ്വ പുരുഷാര്ത്ഥത്തിന് വേണ്ടി ചെലവഴിക്കണം. എല്ലാവരോടുമുള്ള മമത്വത്തെ തീര്ച്ചയായും കളയണം.

വരദാനം :- ഗൃഹസ്ഥത്തില് കഴിഞ്ഞുകൊണ്ടും സമര്പ്പണമായി സേവനത്തിന്റെ ലഹരിയില് കഴിയുന്ന ബാപ്ദാദയുടെ ഹൃദയസിംഹാസനധാരിയായി ഭവിക്കട്ടെ.

ഏതു കുട്ടികള് ഗൃഹസ്ഥത്തില് കഴിഞ്ഞുകൊണ്ടും സമര്പ്പിതമാണോ അവരുടെ സഹയോഗത്താല് സേവനത്തിന്റെ വൃക്ഷം ഫലീഭൂതമാകുന്നു. അവരുടെ സഹയോഗം തന്നെ വൃക്ഷത്തിനു ജലമാകുന്നു. വൃക്ഷത്തിനു ജലം ലഭിക്കുന്നതിലൂടെ നല്ല ഫലം ഉണ്ടാകുന്നതു പോലെ ശ്രേഷ്ഠ സഹയോഗി ആത്മാക്കളുടെ സഹയോഗത്താല് വൃക്ഷം ഫലീഭൂതമാകുന്നു. ഇങ്ങനെ സേവനത്തിന്റെ ലഹരിയില് സദാ കഴിയുന്ന ഗൃഹസ്ഥത്തില് കഴിഞ്ഞുകൊണ്ടും സമര്പ്പിതമായി പോകുന്ന കുട്ടികള് ബാപ്ദാദയുടെ ഹൃദയസിംഹാസനധാരിയാകുന്നു.

സ്ലോഗന് :- ചുരുങ്ങിയ സമയത്തില് സങ്കല്പങ്ങളെ തിരിക്കുവാനും ബ്രേക്കിടുവാനുമുള്ള യുക്തി പഠിച്ചോളൂ എങ്കില് ബുദ്ധിയുടെ ശക്തി വ്യര്ത്ഥമായി പോവുകയില്ല